## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:316 | 25/06/2012 - ൽ മറുപടിക്ക്

### ഉൾനാടൻ മത്സ്യസമ്പത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു. റ്റി. തോമസ്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ ജലാശയങ്ങളിൽ അന്യ സംസ്ഥാന സംഘങ്ങൾ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വയനാട് ഒഴികെയുള്ള ജില്ലകളിൽ ഉൾനാടൻ ജലാശയങ്ങളിൽ അന്യ സംസ്ഥാന സംഘങ്ങൾ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്തിട്ടില്ല. വയനാട് ജില്ലയിലെ പനമരം പുഴയിൽ കർണ്ണാടക സംസ്ഥാനത്ത് നിന്നും വരുന്ന സംഘങ്ങൾ 2011 ആഗസ്റ്റ് മാസം രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പോലീസ് സഹായത്തോടെ പ്രസ്തുത സംഘത്തെ തടയുകയും പ്രദേശത്ത് നിന്ന് ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) അനിയന്ത്രിതമായ ചൂഷണവും പരിസ്ഥിതി മാറ്റവും മൂലം നാടൻ മത്സ്യസമ്പത്ത് കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് പരിഹരിക്കുവാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ? | (സി) | ഉൾനാടൻ മത്സ്യസമ്പത്ത് കുറയുന്നത് പരിഹരിക്കുന്നതിനായി മത്സ്യ സമൃദ്ധി പദ്ധതി, സാമൂഹ്യ മത്സ്യ കൃഷി പദ്ധതി തുടങ്ങിയവ കൂടാതെ കരിമീൻ പോലുള്ള നാടൻ മത്സ്യങ്ങൾ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കി വരുന്നു. ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അമിത ചൂഷണവും വിനാശകരമായ മത്സ്യബന്ധനരീതികളും നിരുത്സാഹപ്പെടുത്തുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഉൾനാടൻ ജലാശയങ്ങളിൽ പട്രോളിംഗും നടത്തിവരുന്നു. മത്സ്യ സമ്പത്തിന്റെ ചൂഷണം സംബന്ധിച്ച് Development of Data Base on Exploited Fisheries Resources of Marine & Inland Resources of Kerala എന്ന പേരിൽ ഒരു പഠനം FIRMA നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ